നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 743 — 28.09.2011 ൽ മറുപടിക്ക്

## ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കെ നാരായണൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ജലനിധി രണ്ടാംഘട്ടത്തിന്റെ കാലയളവ് 5 1/2 വർഷം (1.1.2012 മുതൽ 30.06.2017 വരെ) എന്നാണ് നിശ്ചയിച്ചിരിക്കുന്നത് . |
| (ബി) ലോകബാങ്ക് പ്രതിനിധികൾ ഇതു സംബന്ധിച്ച് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (ബി) രണ്ടാം ഘട്ട പദ്ധതിയ്ക്കായുള്ള ഉദ്യോഗസ്ഥരുടെ വിന്യാസം, പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, പദ്ധതി അടങ്കൽ തുക സംബന്ധിച്ച സർക്കാർ തീരുമാനം സമയ ബന്ധിതമായി പൂർത്തിയാക്കാനുള്ള നിർദ്ദേശങ്ങൾ ലോകബാങ്ക് മുന്നോട്ട് വച്ചിട്ടുണ്ട്. |
| (സി) രണ്ടാംഘട്ട പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ചത് ആരെയാണ്; അതിനായി സർക്കാരിന് എന്ത് തുക ചെലവായിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) രണ്ടാം ഘട്ട പ്രവർത്തനം ഒന്നാകെ പഠിക്കാൻ ആരേയും നിയോഗിച്ചിട്ടില്ല. എന്നാൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പഠന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1. Environment Assessment Study<br>2. Social Assessment and Tribal Development Study<br>3. Water Security and Development Plan<br>4. Sector Assessment, Technical Manual, Medium term Plan, Report on KWA - KRWSA partnership, Water Quality Monitoring, |

Monitoring and Evaluation,
Environment Sanitation Manual,
O & M assessment study.

(ഡി) എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പഠനങ്ങൾക്കായി 25.28 ലക്ഷം രൂപ ചിലവായിട്ടുണ്ട്. ജലനിധി പദ്ധതിയുടെ രണ്ടാം ഘട്ടം നാല് ബാച്ചുകളിലായി ഏകദേശം 200 ഗ്രാമ പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യ ബാച്ചിൽ കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും 3 പഞ്ചായത്തുകൾ വീതവും ബാക്കി ജില്ലകളിൽ നിന്നും 2 പഞ്ചായത്തുകൾ വീതവുമാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. രണ്ടും മൂന്നും നാലും ബാച്ച് പഞ്ചായത്തുകളുടെ കണക്ക് പൂർത്തിയായിട്ടില്ല.

(ഇ) രണ്ടാംഘട്ട പദ്ധതിയുടെ അടങ്കൽ എത്ര തുകയാണ്; ഗുണഭോക്തൃ വിഹിതം എത്ര ശതമാനമാണെന്ന് അറിയിക്കുമോ ?

(ഇ) അടങ്കൽ ഉദ്ദേശം 1022 കോടി രൂപയായിട്ടാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. പട്ടിക വർഗ്ഗ, പട്ടിക ജാതി, മത്സ്യമേഖലാ സമൂഹങ്ങൾ ഭൂരിപക്ഷമുള്ള ഗുണഭോക്തൃ സമിതികളുടെ വിഹിതം 5 ശതമാനമാണ്. ജനറൽ വിഭാഗത്തിൽ ഇത് 10 ശതമാനമാണ്.

സെക്ഷൻ ഓഫീസർ